(9) ദുരിതാശ്വാസ നിധിയിലെ കേന്ദ്ര വിഹിതം 90% ആയി ഉയർത്തുക.

ചെറുകിട കർഷക ക്ഷേമനിധി

7 (*67)ശ്രീ. ടി.കെ. ബാലൻ :

ശ്രീ. പി.കെ. കുമാരൻ :

ശ്രീ. എം. ദാസൻ :

ശ്രീ. വർഗ്ഗീസ് വൈദ്യർ :

ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈയിടെ പ്രഖ്യാപിച്ച ചെറുകിട കർഷക ക്ഷേമനിധി സംബന്ധിച്ച വിശദാംശങ്ങൾ സർക്കാർ തയ്യാറാക്കികഴിഞ്ഞുവോ;

(ബി) എങ്കിൽ വെളിപ്പെടുത്തുമോ;

(സി) ചെറുകിട കർഷകരുടെ പരിധിയിൽ ഏതൊക്കെ കൃഷിക്കാരെ ഉൾപ്പെടുത്തുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാന ചെറുകിട കർഷകക്ഷേമനിധി രൂപീകരണം എപ്പോൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) ക്ഷേമനിധിക്കുള്ള സർക്കാർ വിഹിതം എത്രയെന്ന് നിശ്ചയിച്ചുവോ എങ്കിൽ വെളിപ്പെടുത്തുമോ;

(എഫ്) ക്ഷേമനിധിയിൽനിന്നുള്ള ആനുകൂല്യങ്ങൾ ഊർജ്ജിത നെൽകൃഷി പദ്ധതിയായ 'ഗാലസ'യിൽ ഉൾപ്പെട്ട ചെറുകിട കൃഷിക്കാർക്കും നൽകാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)-(ബി) തയ്യാറാക്കി വരുന്നു.

(സി) സ്വന്തമായി ഇരുപത്തിയഞ്ചു സെന്റു മുതൽ പരമാവധി രണ്ടു ഹെക്ടർ വരെ കൃഷി ഭൂമിയുള്ളവരും കൃഷി മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവരുമായ കർഷകരെ ഉദ്ദേശിച്ചാണ് ക്ഷേമനിധി വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) ക്ഷേമനിധി രൂപീകരണം ഉടൻ നടപ്പിലാക്കാൻ സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഇ) കർഷകരുടെയും സർക്കാരിന്റെയും വിഹിതത്തോട് കൂടിയാണ് ക്ഷേമനിധി കൊണ്ടുവരുന്നത് വിഹിതം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(എഫ്) കർഷകരെ പൊതുവായി ഉദ്ദേശിച്ചാണ് പദ്ധതി തയാറാക്കുന്നത്.

അടിസ്ഥാന സൗകര്യ വികസന കോർപ്പറേഷൻ

8 (*68)ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന അടിസ്ഥാന സൗകര്യവികസന കോർപ്പറേഷൻ സ്ഥാപിച്ചതെന്നാണ്;

(ബി) അതിന്റെ ഡയറക്ടർ ബോർഡ് അംഗങ്ങൾ ആരെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly